## വിവരാവകാശം/അടിയന്തിരം

വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്,
തൃശ്ശൂർ.

നം.എ5-2451/2010 തിയതി 8- 02.2010.

1311

പ്രേഷിത

കെ.എസ്.ചിന്ത,
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ആന്റ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്,
തൃശ്ശൂർ.

സ്വീകർത്താവ്

ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,
ചാവക്കാട്

സർ,

വിഷയം: വിദ്യാഭ്യാസം- വിവരാവകാശം-ഗവ. സ്കൂളുകളിലെ സംസ്കൃതനിയമനം സംബന്ധിച്ച്.
സൂചന: 27.01.2010ലെ ശ്രീ.കുഞ്ഞാത്തു ചെവിടിക്കുന്നിന്റെ അപേക്ഷ.

......

തൃശ്ശൂർ ജില്ലയിലെ സർക്കാർ സ്കൂളുകളിലെ സംസ്കൃതനിയമനം സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ **23.02.2010ന്** മുമ്പായി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. (ജില്ലാ/ഉപജില്ലാ ഓഫീസുകളുടെ കീഴിലുള്ള എല്ലാ വിദ്യാലയങ്ങളില നിന്നും വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് സമർപ്പിക്കേണ്ടതാണ്.)

1. ചോദ്യം 1
   2009-210 വർഷത്തെ എൽ.പി./യു.പി./ഹൈസ്കൂൾ വിഭാഗങ്ങളിലെ ഫുൾടൈം/പാർട്ട് ടൈം വിഭാഗങ്ങളിൽ അനുവദിച്ച തസ്തികകളുടെ എണ്ണം.
2. ചോദ്യം 3
   31.12.2009 വരെ നിയമനം ലഭിച്ചിട്ടുള്ള ഫുൾടൈം യു.പി.എസ്.എ. സംസ്കൃതം അദ്ധ്യാപകരുടെ പേര്, വിദ്യാലയത്തിന്റെ പേര്, ജനനതിയതി എന്നിവ സമർപ്പിക്കുക.
3. ചോദ്യം 4
   പാർട്ട് ടൈം യു.പി.എസ്.എ.സംസ്കൃതം തസ്തികയിൽ 31.12.2009 വരെ സേവനത്തിൽ പ്രവേശിച്ച അദ്ധ്യാപകരുടെ പേര്, വിദ്യാലയത്തിന്റെ പേര്, ജനനതിയതി എന്നിവ സമർപ്പിക്കുക.

.....(2)

4. ചോദ്യം 7

31.12.2009 വരെ ഹൈസ്കൂൾ സംസ്കൃതം (ഫുൾടൈം) വിഭാഗത്തിൽ നിയമനം ലഭിച്ചിട്ടുള്ള എല്ലാ അദ്ധ്യാപകരുടെയും പേര്, വിദ്യാലയത്തിന്റെ പേര്, ജനനതിയതി എന്നിവ സമർപ്പിക്കുക.

5. ചോദ്യം 8

31.12.2009 വരെ ഹൈസ്കൂൾ (പാർട്ട് ടൈം) വിഭാഗത്തിൽ നിയമനം ലഭിച്ചിട്ടുള്ള എല്ലാ അദ്ധ്യാപകരുടെയും പേര്, വിദ്യാലയത്തിന്റെ പേര്, ജനനതിയതി എന്നിവ സമർപ്പിക്കുക.

6. ചോദ്യം 9,10,13,14

താഴെ പറയുന്ന വിഭാഗങ്ങളിൽ കുട്ടികളുടെ കുറവ് മൂലം എത്ര വീതം തസ്തികകൾ 1999 മുതൽ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന വിവരം അറിയിക്കുക. എണ്ണം സമർപ്പിക്കുക.

തസ്തിക

1. സംസ്കൃതം ഫുൾടൈം യു.പി.എസ്.എ.
2. സംസ്കൃതം പാർട്ട് ടൈം യു.പി.എസ്.എ.
3. ഹൈസ്കൂൾ സംസ്കൃതം ഫുൾടൈം.
4. ഹൈസ്കൂൾ സംസ്കൃതം പാർട്ട് ടൈം.

സൂചന പ്രകാരമുള്ള വിവരാവകാശനിയമപ്രകാരമുള്ള അപേക്ഷയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ആന്റ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

[illegible] നം: 1311/2010 തി. 2/2010

എസ്പി/8.2.10

മേൽ സൂചിപ്പിച്ച വിവരങ്ങൾക്ക് മറുപടി 16.2.2010 ന് തന്നെ ഈ ഓഫീസിൽ നിന്നു അയക്കേണ്ടതാണ്. വിവരാവകാശ നിയമപ്രകാരമുള്ള വിഷയമായതിനാൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

11/2/2010

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആന്റ് പേഴ്സണൽ അസിസ്റ്റന്റ്.